വിഭാഗത്തിൽ വരുന്ന എം.എൽ.എ.യും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള സാമൂഹ്യപ്രവർത്തകരും അംഗങ്ങളാണ്. കൂടാതെ ബന്ധപ്പെട്ട പഞ്ചായത്തിന്റെ കർമ്മസമിതി, പദ്ധതി പ്രവർത്തനം വിലയിരുത്താറുണ്ട്. ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതികൾക്കും ജനകീയാസൂത്രണ പദ്ധതികൾ വിശകലനം ചെയ്യുന്നതിന് അധികാരം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രി പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്.

ആദിവാസി അവിവാഹിത മാതാക്കൾ

14 (162) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ ആദിവാസി പെൺകുട്ടികളിൽ എത്ര അവിവാഹിത മാതാക്കളുണ്ട് ;

(ബി) ഇവരുടെ കുട്ടികൾക്ക് ജന്മം നൽകിയവരെ കണ്ടുപിടിച്ച് അവരെ കുടുംബ ജീവിതം നയിക്കുവാൻ ഇടയാക്കുന്നതിന് ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ അവിവാഹിത മാതാക്കളെയും കുട്ടികളെയും പരിരക്ഷിക്കുവാനും അവർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുവാനും എന്തെല്ലാം വിധത്തിൽ ഗവൺമെന്റ് സഹായിക്കുന്നുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ) 1995-96 ലെ കണക്ക് പ്രകാരം 221 പേർ.

(ബി) അവിവാഹിതരായ അമ്മമാരിൽ ജനിക്കുന്ന കുട്ടികൾക്ക് ജന്മം നൽകിയവരെ ഡി.എൻ.എ. ടെസ്റ്റ് നടത്തി പിതൃത്വം തെളിയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനായി വനിതാ കമ്മീഷന് 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇത്തരം കേസ്സുകൾ ആവർത്തിക്കാതിരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(സി) പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്ന നിലവിലുള്ള പദ്ധതികളിൽ അവിവാഹിതരായ അമ്മമാർക്കും കുട്ടികൾക്കും മുൻഗണന നൽകി അവരുടെ സമഗ്രമായ പരിപോഷണത്തിനും സംരക്ഷണത്തിനുമായി വിവിധ ധനസഹായങ്ങൾ നൽകുന്നു. ഇവരുടെ കുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് അവസരം നൽകുന്നുണ്ട്. സ്ഥായിയായ വരുമാന ലബ്ധിക്കുവേണ്ടി ഇവരെ പൂക്കോട് ഡയറി പ്രോജക്ട്, പ്രയദർശിനി തേയിലത്തോട്ടം എന്നിവിടങ്ങളിൽ തൊഴിൽ നൽകി പുനരധിവസിപ്പിക്കുന്നു. പുനരധിവാസത്തിന്റെ ഭാഗമായി ഇവർക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly